"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം- പത്തനംതിട്ട ജില്ല വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് ഓഫീസ് ക്ലാർക്ക് ശ്രീ. രഞ്ജു ഉത്തമൻ - ന് പ്രത്യേക അവശതാവധി അനുവദിച്ച്- ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്

സ.ഉ.(സാധാ) നം.1791/2026/LSGD　　　　തീയതി,തിരുവനന്തപുരം, 23-09-2026

---

പരാമർശം:-

1. വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.07.2024ലെ 3808/24 നമ്പർ നടപടിക്രമങ്ങൾ.
2. വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 28.02.2025ലെ 3808/24 നമ്പർ നടപടിക്രമങ്ങൾ.
3. വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 07.05.2025 ലെ 3808/24 നമ്പർ നടപടിക്രമങ്ങൾ.
4. വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 08.08.2025 ലെ 3808/24 നമ്പർ നടപടിക്രമങ്ങൾ.
5. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16.11.2025 ലെ LSGD/PD/8686/2025-DEC3 നമ്പർ കത്ത് .
6. ശ്രീ.രഞ്ജു ഉത്തമൻ സമർപ്പിച്ച 05.09.2026ലെ അവധി അപേക്ഷ.

ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ. രഞ്ജു ഉത്തമന് 18.07.2024 മുതൽ 30.09.2024 വരെ പ്രത്യേക അവശതാവധി അനുവദിക്കുന്നതിന് സമർപ്പിച്ച അപേക്ഷ പരാമർശം (5) പ്രകാരം തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

2. ശ്രീ. രഞ്ജു ഉത്തമൻ 17.07.2024 തീയതിയിൽ പരാതിയുടെ അന്വേഷണത്തിന് പോയപ്പോൾ വീണ് പരിക്ക് പറ്റിയതിനെ തുടർന്ന് ടിയാന് 18.07.2024 മുതൽ 27.07.2024വരെ പരിവർത്തിതാവധിയും 28.07.2024 മുതൽ 65 ദിവസത്തേക്ക് ലീവ് നോട്ട് ഡ്യൂവും പരാമർശം (1) പ്രകാരം അനുവദിച്ചിരുന്നു. പരാമർശം (1) നടപടിക്രമങ്ങൾ പരാമർശം (2) പ്രകാരം റദ്ദ് ചെയ്യുകയും ടിയാന് 18.07.2024 മുതൽ 06.08.2024വരെ അർദ്ധവേതനാവധിയും 07.08.2024 മുതൽ 55 ദിവസത്തേക്ക് ലീവ് നോട്ട് ഡ്യൂ അനുവദിക്കുകയും ചെയ്തിരുന്നു. പരാമർശം (2) നടപടിക്രമങ്ങൾ പരാമർശം (3) പ്രകാരം റദ്ദ് ചെയ്യുകയും ടിയാന് 18.07.2024 മുതൽ 30.09.2024വരെ ശൂന്യവേതനാവധി അനുവദിക്കുകയും ചെയ്തിരുന്നു. പരാമർശം (3) പ്രകാരം അനുവദിച്ചിരുന്ന

ശൂന്യവേതനാവധി പരാമർശം (4) പ്രകാരം റദ്ദാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (5) പ്രകാരം ലഭ്യമാക്കിയിരുന്ന അവധി അപേക്ഷയിലെ അപാകത പരാമർശം (6) പ്രകാരം പരിഹരിച്ചിട്ടുണ്ട്. അപേക്ഷകൻ ഹാജരാക്കിയിട്ടുള്ള ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് 30.09.2024 തീയതിയിലേതാണ്. ആയതിനാൽ ടിയാന് 30.09.2024ന് പ്രത്യേകഅവശതാവധി അനുവദിക്കാൻ കഴിയില്ല. മേൽ സാഹചര്യത്തിൽ, പത്തനംതിട്ട ജില്ലയിലെ വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ. രഞ്ജു ഉത്തമൻ - ന് 18.07.2024 മുതൽ 29.09.2024 വരെ കെ എസ് ആർ ഭാഗം 1 , ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധി അനുവദിച്ചും, 30.09.2024 ടിയാളുടെ ക്രെഡിറ്റിലെ അർഹതപ്പെട്ട അവധിയായോ അല്ലാത്ത പക്ഷം ടി തീയതി ഇൻക്രിമെന്റ് , പെൻഷൻ , ഹയർഗ്രേഡ് , ആർജ്ജിതാവധി എന്നിവക്ക് കണക്കാക്കുകയില്ല എന്ന വ്യവസ്ഥയിൽ കെ എസ് ആർ ഭാഗം I ചട്ടം 88 പ്രകാരം ശൂന്യവേതനാവധിയായോ ക്രമീകരിക്കുന്നതിന് തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.കെ അനിൽ ജോയ്

ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം.

2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ.

3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , പത്തനംതിട്ട (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

4.സെക്രട്ടറി,വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

5.ശ്രീ.രഞ്ജു ഉത്തമൻ , ക്ലാർക്ക് , വടശ്ശേരിക്കര ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

6.ധനകാര്യ വകുപ്പ് (09.03.2026 ലെ e-3371515/ഡെവ-1/292/2025-ധന നമ്പർ യു ഒ റിമാർക്ക്സ് പ്രകാരം).

8.ഡയറക്ടർ, ഐ കെ എം.

9.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).

10.കരുതൽ ഫയൽ (ഫയൽ നം.298/ഇപിഎ1/2025-എൽഎസ്ജിഡി.

ഉത്തരവിൻ പ്രകാരം

Digitally signed by
Noushad. S
Date: 24-09-2026
09:31:30

സെക്ഷൻ ഓഫീസർ